വരുമാനമുള്ളവർക്കാണെങ്കിൽ മാർക്കറ്റ് വില ഈടാക്കിയും പതിച്ചുകൊടുക്കാമെന്നുള്ള തീരുമാനം ഗവൺമെന്റ് എടുത്തുകൊണ്ടാണ് ആയിരക്കണക്കിന് ആളുകൾക്ക് മുനിസിപ്പൽ പ്രദേശങ്ങളിൽ ഭൂമി പതിച്ചുകൊടുക്കാൻ നമുക്ക് അവസരമുണ്ടായിട്ടുള്ളത്. അതിന്റെയടിസ്ഥാനത്തിൽ തന്നെ ഇത് പരിശോധിച്ച് പതിച്ച് കൊടുക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. കഴിയുന്നതും വേഗം, ഒന്നു, രണ്ട് മാസത്തിനുള്ളിൽതന്നെ, ആ ഭൂമിയുടെ കാര്യത്തിൽ ഒരു തീരുമാനമെടുക്കുകയും അവർക്ക് പതിച്ചുകൊടുക്കാനുള്ള നടപടികൾ പൂർത്തിയാക്കുകയും ചെയ്യും. ഗവൺമെന്റ് തലത്തിലെടുക്കാനുള്ള തീരുമാനങ്ങൾ എടുത്തു കഴിഞ്ഞിരിക്കുകയാണ്.

(5) കേരളത്തിലെ മഹിളാ പ്രധാൻ ഏജന്റുമാർക്ക് കമ്മീഷൻ

പ്രൊഫ: മീനാക്ഷി തമ്പാൻ: സർ, നമ്മുടെ സംസ്ഥാനത്തിലെ ആയിരക്കണക്കിന് മഹിളാ പ്രധാൻ ഏജന്റുമാർ നേരിടുന്ന ഗൗരവതരമായ പ്രശ്നത്തിലേയ്ക്കാണ് ഞാൻ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടേയും ഈ സഭയുടേയും ശ്രദ്ധക്ഷണിക്കുന്നത്. ലഘുസമ്പാദ്യ പദ്ധതിയിലൂടെ ദേശീയ സമ്പാദ്യ പദ്ധതിയിലേക്ക് കോടിക്കണക്കിന് രൂപ സമാഹരിച്ച് കൊടുക്കുന്നവരാണ് മഹിളാ പ്രധാൻ ഏജന്റുമാർ . നമ്മുടെ രാജ്യത്തിന്റേയും സംസ്ഥാനത്തിന്റേയും വിവിധ വികസന പ്രവർത്തനങ്ങൾ നടത്താൻ ഈ തുക ഉപയോഗിക്കുന്നു. നൂറുശതമാനം സ്ത്രീകൾ മാത്രം പണിയെടുക്കുന്ന ഒരു മേഖലയാണ് ഇത്. കേന്ദ്ര സർക്കാരിൽ നിന്നും അഞ്ച് ശതമാനം കമ്മീഷനും സംസ്ഥാന സർക്കാർ നൽകുന്ന അലവൻസും മാത്രമാണ് അവർക്ക് ലഭിക്കുന്ന പ്രതിഫലം. കേന്ദ്ര ഗവൺമെന്റാകട്ടെ ഒരു ശതമാനം കമ്മീഷൻ അടുത്ത സമയത്ത് വെട്ടികുറച്ചിരിക്കുകയാണ്. വളരെ ബുദ്ധിമുട്ടി ചെറിയ തുകകൾ സമാഹരിച്ച് നമ്മുടെ വികസനപ്രവർത്തനങ്ങളെ സഹായിക്കുന്ന അവർക്ക് സംസ്ഥാന സർക്കാരിൽ നിന്നും കൊടുക്കേണ്ട അലവൻസ് കുറെ മാസങ്ങളായി ലഭിച്ചിട്ടില്ല. ഈ വരുമാനം കൊണ്ട് മാത്രം കുടുംബം സംരക്ഷിക്കേണ്ട മഹിളാ പ്രധാൻ ഏജന്റുമാർക്ക് കുടിശ്ശിക കൊടുത്ത് തീർക്കാനും അവർക്ക് മാസം തോറും കിട്ടേണ്ട അലവൻസ് കൃത്യമായി കൊടുക്കാനും നടപടി ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, വളരെ ന്യായമായ ഒരു കാര്യത്തെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സബ്മിഷൻ തന്നിട്ടുള്ളത്. മഹിളാ പ്രധാൻ ഏജന്റുമാർ സമാഹരിക്കുന്ന നിക്ഷേപങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് നാല് ശതമാനം കമ്മീഷൻ നൽകുന്നുണ്ട്. ഈ കമ്മിഷൻ തുക പോസ്റ്റാഫീസിൽ നിക്ഷേപിക്കുന്ന സമയത്തുതന്നെ ഏജന്റുമാർക്ക് ലഭിക്കുന്നു. ഇതിനുപരിയായി മഹിളാ പ്രധാൻ ഏജന്റുമാർക്ക് അവരുടെ നിക്ഷേപ തോതനുസരിച്ച് 2.5 ശതമാനം മുതൽ നാല് ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

വരെ പ്രോൽസാഹന അലവൻസ് നൽകുന്നുണ്ട്. ഇതിനുപുറമെ 1.25 ശതമാനം വാർഷിക ബോണസ് നൽകുന്നുണ്ട്. ഇൻഡ്യയിൽ ഒരു സംസ്ഥാനത്തും ഇത്രയും ആനുകൂല്യങ്ങൾ നൽകുന്നില്ല. 2000-2001-ലെ ബഡ്ജറ്റിൽ ഏജന്റുമാരുടെ ആനുകൂല്യങ്ങൾക്കായി 28.75 കോടി രൂപ വകകൊള്ളിച്ചിരുന്നു. നിക്ഷേപങ്ങളിലുണ്ടായ വർദ്ധനവനുസരിച്ച് ഈ തുക 2000 സെപ്റ്റംബർ മാസത്തിൽ ചെലവായി. ഏജന്റുമാർക്ക് നൽകാനുള്ള പ്രോൽസാഹന അലവൻസ് ഇപ്പോൾ കുടിശ്ശികയുണ്ട്. ഇന്ദിരാ വികാസ് പത്ര കേന്ദ്ര സർക്കാർ നിർത്തലാക്കുകയും സ്ഥാപനങ്ങൾ വഴിയുള്ള നിക്ഷേപങ്ങളിൽ മാറ്റം വരുത്തുകയും ചെയ്ത സാഹചര്യത്തിൽ മഹിളാ പ്രധാൻ ഏജന്റുമാർ വഴി സമാഹരിക്കുന്ന റെക്കറിംഗ് ഡെപ്പോസിറ്റിൽ കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. മഹിളാ പ്രധാൻ ഏജന്റുമാർ ചെയ്ത സേവനത്തിന് അവർക്ക് ആ കുടിശ്ശിക കൊടുത്ത് തീർക്കുന്നതിനുവേണ്ടി അധികമായി വേണ്ടി വരുന്ന തുക ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ എടുത്ത് കഴിഞ്ഞു, അവർക്ക് അത് ലഭ്യമാക്കുകയും ചെയ്യും.

മി. സ്പീക്കർ : ഇത് സംബന്ധിച്ച് ഒരു സബ്മിഷൻ ഉന്നയിക്കാൻ ശ്രീമതി കെ. കെ. ശൈലജ ടീച്ചറും നോട്ടീസ് തന്നിട്ടുണ്ട്.

(6) ചെറുകിട കരാറുകാർക്ക് കൊടുക്കാനുള്ള കുടിശ്ശിക

ശ്രീ. ടി. നാണു മാസ്റ്റർ : സർ, ചെറുകിട കരാറുകാരായിട്ടുള്ള ആളുകൾ കെ.ജി.സി.എഫ്. എന്ന സംഘടനയുടെ നേതൃത്വത്തിൽ ഇന്ന് നിയമസഭാ മാർച്ച് നടത്തുകയാണ്. കരാറുകാരെ സംബന്ധിച്ച് പ്രത്യേകിച്ച് ചെറുകിട കരാറുകാരെ സംബന്ധിച്ച് ധാരാളം വിഷമതകൾ സർക്കാരിനറിയാം. കുടിശ്ശിക ബില്ലുകൾ കൊടുത്തുതീർക്കാതിരിക്കുന്നതുകൊണ്ടുള്ള ബുദ്ധിമുട്ടിന്റെ ഫലമായി വളരെയേറെ അത്യാഹിതങ്ങൾ അവർക്ക് സംഭവിച്ചിട്ടുണ്ട്. ഈ പ്രശ്നം മുൻപു മുതലേയുള്ളതാണ്. ഇപ്പോൾ ഈ ഗവൺമെന്റിന്റെ കാലത്തു വന്ന പുതിയ സൃഷ്ടിയല്ല. ചെറുകിട കരാറുകാർ വളരെ വിഷമിക്കുന്നുണ്ട്. ഈ ബിൽ കിട്ടാത്തതിന്റെ പേരിൽ മൂന്നാളുകൾ കഴിഞ്ഞ കാലങ്ങളിൽ ആത്മഹത്യ ചെയ്ത ചരിത്രവും ഉണ്ട്. അതുപോലെ ത്രിതല പഞ്ചായത്തിന്റെ വർക്കുകൾ ചെറുകിടക്കാർക്ക് ഏറ്റെടുക്കാൻ കഴിയാത്തതുകൊണ്ട് തൊഴിലില്ലായ്മ അവർക്ക് അനുഭവപ്പെടുന്നുണ്ട്. സർക്കാർ നേരത്തെ ഒരു സർക്കുലർ പുറപ്പെടുവിച്ചിരുന്നു ജനകീയ കമ്മിറ്റികൾ നേരിട്ട് ചെയ്യാത്ത വർക്കുകൾ ടെന്റർ ചെയ്തു കൊടുക്കണമെന്ന് ആ വ്യവസ്ഥ നടപ്പിലായിട്ടില്ല. അത് ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നിരന്തരമായി അവർ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന മറ്റൊരു കാര്യം ബിൽ തുകയിൽ നിന്നും സെയിൽസ് ടാക്സ് പിടിക്കുന്നുണ്ട്. 2.16 ശതമാനമാണ്. അത് അങ്ങനെതന്നെ പിടിക്കാം. അത് നിലനിർത്തികൊണ്ട് ചെറുകിട കരാറുകാരെ രജിസ്ട്രേഷൻ സമ്പ്രദായത്തിൽ നിന്നും ഒഴിവാക്കണ

LIBRARY ARCHIVES Kerala Legislative Assembly